പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2504 — 12.06. 2018 ൽ മറുപടിക്ക്

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

ചോദ്യം

ശ്രീ.കെ.ഡി.പ്രസേനൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) നിലവിൽ 247 ഒഴിവുകൾ ഉണ്ട്. ഇത് സ്ഥാനകയറ്റം വഴി നികത്തേണ്ടതാണ്. ഒഴിവുകൾ കേഡർ സ്ട്രങ്ങ്തിനെ അടിസ്ഥാനമാക്കി കേന്ദ്രീകൃതമായി അതായത് സംസ്ഥാനാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. കെ.എസ്.-ഇ.ബി.എൽ.-ന്റെ ഓഫീസുകൾ അതായത് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽപ്പെടുന്നവ വിവിധ ജില്ലകളിലായി ജനറേഷൻ ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളിലായി സർക്കിൾ തലത്തിൽ വ്യാപിച്ചു കിടക്കുന്നതിനാലും, പ്രസ്തുത ഓഫീസിന്റെ അധികാരപരിധി ജില്ലാപരിധി പരിഗണിക്കാതെ പ്രവർത്തിക്കുന്നതിനാലും ജില്ല തിരിച്ച് ഒഴിവുകൾ കണക്കാക്കുന്നത് പ്രായോഗികമല്ല. |
| (ബി) പ്രസ്തുത ഒഴിവുകൾ പി. എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ ആണ് മുകളിൽ പറഞ്ഞ 247 എണ്ണം. ആയതിനാൽ പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട ആവശ്യം ഇല്ല. |

സെക്ഷൻ ഓഫീസർ